ദേശാഭിമാനി
20 May 2020

# കാർഷിക സേവന കേന്ദ്രത്തിൽ തിരക്കേറുന്നു

**കൊച്ചി**

ലോക്ക്ഡൗൺ കാലത്ത് കൃഷിയിലൂടെ സംസ്ഥാനത്തെ ഭക്ഷ്യസ്വയം പര്യാപ്തമാക്കുകയെന്ന ക്യാമ്പയിന് പ്രചാരമേറിയതോടെ എറണാകുളം കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ (കെവികെ) കാർഷിക സേവന കേന്ദ്രത്തിൽ ആവശ്യക്കാരേറുന്നു. ട്രാക്ടറുകൾ, യന്ത്രകലപ്പ, കുഴിവെട്ടി, കളനശീകരണയന്ത്രം തുടങ്ങി വിവിധ ഉപകരണങ്ങൾ സിഎംഎഫ്ആർഐക്ക് കീഴിൽ പ്രവർത്തിക്കുന്ന ഈ കാർഷിക സേവന കേന്ദ്രത്തിലുണ്ട്. ഇഞ്ചി, കപ്പ തുടങ്ങിയവ കൃഷി ചെയ്യാനുള്ള വാരം തയ്യാറാക്കുന്നതിനായി ട്രാക്ടറിൽ ഘടിപ്പിക്കാവുന്ന ബണ്ട് ഫോർമറിനാണ് കൂടുതൽ ആവശ്യക്കാർ. പച്ചക്കറി കൃഷിക്ക് നിലമൊരുക്കാനും വാഴയ്ക്ക് കുഴിയെടുക്കാനും പുല്ലുവെട്ടാനും കഴിയുന്ന യന്ത്രങ്ങൾ തേടിയെത്തുന്നവരും നിരവധിയാണ്. കാർഷിക വിദഗ്ധരുടെ സേവനവും ഇവിടെ ലഭ്യമാണ്.

കാർഷികരംഗത്തെ വിവിധ സേവനങ്ങൾ ഒരുകുടക്കീഴിൽ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ കഴിഞ്ഞ വർഷമാണ് കാർഷിക സേവന കേന്ദ്രം സിഎംഎഫ്ആർഐയിൽ പ്രവർത്തനം തുടങ്ങിയത്. നെൽക്കൃഷിക്ക് നിലമൊരുക്കൽ, മത്സ്യകൃഷിക്ക് കുളം വൃത്തിയാക്കൽ, ചളിയെടുക്കൽ, മത്സ്യകൂടുനിർമാണം, കോഴിക്കൂട്നിർമാണം തുടങ്ങിയ സേവനങ്ങൾ ഇവിടെ ലഭ്യമാണ്. ഫോൺ: 9526120666.